## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7704 23.07.2012-ൽ മറുപടിയ്ക്ക്**

**'വിശ്വകർമ്മദിനം പൊതു അവധി**

| | ചോദ്യം<br>ശ്രീ. എ. കെ. ശശീന്ദ്രൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | കേരള വിശ്വകർമ്മസഭ, കാഞ്ഞിരപ്പള്ളി താലൂക്ക് യൂണിയൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് ഒപ്പിട്ടു നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും<br>വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഉണ്ടെങ്കിൽ വിവിധ ആവശ്യങ്ങളെക്കുറിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ; | |
| (സി) | എല്ലാ വർഷവും സെപ്റ്റംബർ 17-ന് വിശ്വകർമ്മ ദിനം നെഗോഷ്യബിൾ ആക്ട് പ്രകാരം പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന നിവേദനത്തിലെ ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (സി) യും (ഡി) യും<br>പുതുതായി പൊതു അവധികളോ പ്രാദേശിക അവധികളോ അനുവദിക്കേണ്ടതില്ല എന്നതിന്റെ അടിസ്ഥാനത്തിൽ സെപ്തംബർ 17 വിശ്വകർമ്മ ദിനം നെഗോഷ്യബിൾ ആക്ട് പ്രകാരം പൊതു അവധിയായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | സെപ്റ്റംബർ 17 വിശ്വകർമ്മദിനം നെഗോഷ്യബിൾ ആക്ട് പ്രകാരം പൊതു അവധിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ